# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1970 11.02.2020-ൽ മറുപടിയ്ക്ക്

## പ്രവാസി പുനരധിവാസ പദ്ധതി

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.എം. വിൻസെന്റ്</th><th colspan="2">മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>എ)</td><td>പ്രവാസി പുനരധിവാസ പദ്ധതി (എൻ. ഡി. പി. ആർ. ഇ. എം.) പ്രഖ്യാപിച്ച ശേഷം 2016 മാർച്ച് 31 വരെ വിവിധ ബാങ്കുകൾ എത്രയാളുകൾക്ക് ആകെ എത്ര കോടി രൂപ വായ്പ നൽകിയെന്നും 2016 ഏപ്രിൽ ഒന്നു മുതൽ 2020 ജനുവരി 31 വരെ എത്രയാളുകൾക്ക് എത്ര രൂപ വായ്പ നൽകിയെന്നും വെളിപ്പെടുത്തുമോ;</td><td>എ)</td><td>നോർക്ക പുനരധിവാസ പദ്ധതി (NDPREM) പ്രഖ്യാപിച്ച ശേഷം 2016 മാർച്ച് 31 വരെ 1104 ഗുണഭോക്താക്കൾക്ക് 10,85,00,000/- രൂപ (പത്ത് കോടി എൺപത്തഞ്ച് ലക്ഷം രൂപ മാത്രം) വായ്പ അനുവദിച്ചിട്ടുണ്ട്. 2016 ഏപ്രിൽ 1 മുതൽ 2020 ജനുവരി 31 വരെ ആകെ 2384 ഗുണഭോക്താക്കൾക്ക് 31,51,00,000/- (മുപ്പത്തിയൊന്ന് കോടി അൻപത്തിയൊന്ന് ലക്ഷം രൂപ മാത്രം) വായ്പതുക അനുവദിച്ചിട്ടുണ്ട്.</td></tr>
<tr><td>ബി)</td><td>ഈ വായ്പാ പദ്ധതിയുടെ പലിശ എത്രയാണെന്നും ഇപ്പോൾ എത്ര ബാങ്കുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുവെന്നും വെളിപ്പെടുത്തുമോ;</td><td>ബി)</td><td>വായ്പാ പദ്ധതിയുടെ പലിശ നിശ്ചയിക്കുന്നത് അതത് ധനകാര്യ സ്ഥാപനങ്ങളിലെ നിലവിലുള്ള നിരക്കുകൾക്കനുസരിച്ചാണ്. നിലവിൽ 15 ധനകാര്യ സ്ഥാപനങ്ങൾ ഈ പദ്ധതിയുമായി സഹകരിച്ചു വരുന്നുണ്ട്.</td></tr>
<tr><td>സി)</td><td>ഈ പദ്ധതിക്കായി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷം നോർക്കയും സംസ്ഥാന ഗവൺമെന്റും എത്ര കോടി രൂപ വീതം ചെലവഴിച്ചുവെന്ന് അറിയിക്കുമോ?</td><td>സി)</td><td>ഈ പദ്ധതിക്കായി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷം ചെലവഴിച്ച തുക സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>സാമ്പത്തിക വർഷം</th><th>തുക (കോടി)</th></tr>
<tr><td>2016-17</td><td>3,98,00,000</td></tr>
<tr><td>2017-18</td><td>5,23,00,000</td></tr>
<tr><td>2018-19</td><td>15,00,00,000</td></tr>
<tr><td>ആകെ</td><td>24,21,00,000</td></tr>
<tr><td colspan="2">(ഇരുപത്തിനാല് കോടി ഇരുപത്തിയൊന്ന് ലക്ഷം രൂപ മാത്രം)</td></tr>
</table>
</td></tr>
</table>

**സെക്ഷൻ ഓഫീസർ**